പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 581-07/01/2014 -ലെ മറുപടിക്ക്

## കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ . കെ.കെ. നാരായണൻ | | ശ്രീ.കെ.എം. മാണി, ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) | രണ്ടായിരം കോടി അടങ്കലോടെയും 500 കോടി മുതൽ മുടക്കിയും ഒരു വർഷം ഒരു ലക്ഷം പേർക്ക് തൊഴിൽ ലഭ്യമാക്കുന്ന കേരള സംസ്ഥാന സ്വയംസംരംഭക വികസന മിഷൻ പദ്ധതി 2011-12 വർഷത്തെ ആദ്യത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നുവോ ; | 5 വർഷം കൊണ്ട് 10000 ചെറുകിട തൊഴിൽ സംരംഭങ്ങൾ സ്ഥാപിച്ച് 1 ലക്ഷം പേർക്ക് പ്രത്യക്ഷമായും 5 ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ നൽകുന്ന കേരള സംസ്ഥാന സംരംഭക വികസന മിഷൻ എന്ന പദ്ധതി 2011-12 ലെ ആദ്യ ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ടിട്ടില്ല. അതിനു ശേഷം പുതിയ സർക്കാരിന്റെ ബഡ്ജറ്റ് പ്രസംഗത്തിലാണ് ഈ പദ്ധതി പ്രഖ്യാപിക്കപ്പെട്ടത് |
| (ബി) | എത്രപേർക്ക് തൊഴിൽ പരിശീലനം നല്കുമെന്നായിരുന്നു പ്രഖ്യാപനം; നല്കിയത് എത്ര; | അഞ്ചു വർഷം കൊണ്ട് 50,000 പേർക്ക് പരിശീലനം നൽകുമെന്നായിരുന്നു പ്രഖ്യാപനം.<br><br>30.11.2013 വരെ 2122 പേർക്ക് പരിശീലനം നൽകി. |
| (സി) | പ്രസ്തുത പദ്ധതിയുടെ പലിശ സബ്സിഡിയിലേയ്ക്ക് വകയിരുത്തുമെന്ന് പ്രഖ്യാപിച്ച തുക എത്രയായിരുന്നു; ഒരു വർഷം എത്ര തുക എത്ര പേർക്ക് പലിശ സബ്സിഡിയായി നല്കുകയുണ്ടായി; | 2011-12 ൽ 25 കോടിയും 2012-13 ൽ 25 കോടിയും ബഡ്ജറ്റിൽ പ്രഖ്യാപിച്ചു.<br><br>30.11.13 വരെ 591 സംരംഭകർ ഉൾപ്പെടുന്ന 254 സംരംഭങ്ങൾക്ക് 2638.28 ലക്ഷം രൂപ വായ്പയായി അനുവദിച്ചു. 30.10.13 വരെ സബ്സിഡിയിനത്തിൽ 748.04 ലക്ഷം രൂപയുടെ ബാധ്യതയാണ് കണക്കാക്കിയിരിക്കുന്നത്. ഇതിൽ 80.88 ലക്ഷം രൂപ നൽകുകയുണ്ടായി. |

| | | |
|---|---|---|
| (ഡി) | എത്ര ചെറുകിട മൈക്രോ യൂണിറ്റുകൾ പ്രസ്തുത പദ്ധതിയിലൂടെ പ്രതീക്ഷിച്ചു; എത്ര എണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട് ; | അഞ്ചു വർഷം കൊണ്ട് 10,000 ചെറുകിട സംരംഭങ്ങളാണ് പദ്ധതി വഴി പ്രതീക്ഷിക്കുന്നത്.<br><br>30.11.13 വരെ, 196 സംരംഭങ്ങൾ പൂർണ്ണമായും പ്രവർത്തനം ആരംഭിച്ചു. 537 സംരംഭങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗതിയിലാണ്. |
| (ഇ) | എന്തു തുക ഇതിനകം മുതൽ മുടക്കി; അടങ്കലിന്റെ എത്ര ശതമാനം ചെലവായി ; | മിഷന്റെ പ്രവർത്തനങ്ങൾക്കായി സർക്കാർ ഇതുവരെ 10 കോടി രൂപ അനുവദിച്ചു. 31.10.13 വരെയുള്ള കണക്കുകൾ പ്രകാരം മിഷനിൽ,11.32 കോടി രൂപ ചെലവായി.<br><br>30.11.13 വരെ 2638.28 ലക്ഷം രൂപയുടെ വായ്പ അനുവദിച്ചു. ഇത് അടങ്കൽ തുകയുടെ 1.32% ആണ്. |
| (എഫ്) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ നല്കിയ പരസ്യങ്ങൾക്ക് വേണ്ടി എന്ത് തുക ചിലവഴിച്ചു; വ്യക്തമാക്കാമോ? | 31.10.13 വരെ പരസ്യയിനത്തിൽ കെ.എഫ്.സി വഴി 46,70,537 രൂപ ചെലവായി. |

സെക്ഷൻ ഓഫീസർ